## DEMANDS FOR GRANTS—(*Continued*)

### DEMAND IX—EDUCATION DEPARTMENT EXCLUDING TRAVANCORE UNIVERSITY

**Motion No. 299.**

**MR. CODIVEETIL C. RAMANKUNJU:** സർ, വിദ്യാഭ്യാസഡയറക്ടരുടെ ടാവലിംഗ് അലവൻസിൽനിന്നു കുറച്ചു തുക കുറക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ഇന്നത്തെ വിദ്യാഭ്യാസസംപ്രദായം സമുദ്രതീരവാസികളായ ജനങ്ങളെ അവരുടെ തൊഴിലിൽ വിമുഖരാക്കിത്തീർക്കാനല്ലാതെ അതിൽ കൂടുതൽ അഭിരുചിയുണ്ടാക്കുന്നതിനു പര്യാപ്തമാകുന്നില്ല. ഇതുവരെയുള്ള അനുഭവംകൊണ്ടുകാണുന്നതു ഇന്നത്തെ സംപ്രദായത്തിൽ വിദ്യാഭ്യാസംചെയ്തു ഒരു സർട്ടിഫിക്കറും കൈവശമാക്കിയ ഓരോ സമുദ്രതീരവാസിയും തൊഴിലിൽനിന്നു വിരമിച്ചു് അലഞ്ഞുതിരിയുന്നതായിട്ടാണു്. സർട്ടിഫിക്കറുകിട്ടാതെ സ്കൂൾ വിട്ടവരുടെയും ഗതിയുംവ്യത്യസ്തമല്ല. നേരെമറിച്ചു് അവർക്കു ജന്മനായുള്ള വാസന വർദ്ധിക്കുന്നതിനു് പര്യാപ്തമായ ഒരു വിദ്യാഭ്യാസമായിരുന്നു സിദ്ധിച്ചിരുന്നതെങ്കിൽ ഈ വിധം കഷ്ടപ്പെടാൻ ഇടവരികയില്ലായിരുന്നു. മദ്രാസ് ഗവണ്മെൻറ് ഈ സ്ഥിതി വളരെ മുൻപുതന്നെ മനസിലാക്കിയതിന്റെ ഫലമായി മദ്രാസ് സംസ്ഥാനത്തു് ഫിഷറിഡിപ്പാർട്ടുമെൻറിന്റെ കീഴിലും വിദ്യാഭ്യാസവകുപ്പിന്റെ മേൽനോട്ടത്തിലും ഒരു പ്രത്യേക പദ്ധതി രൂപീകരിച്ചു് സമുദ്രതീരപ്രദേശങ്ങളിൽ അനേകം പള്ളിക്കൂടങ്ങൾ സ്ഥാപിക്കയുണ്ടായി. ഇങ്ങനെയുള്ള സ്കൂളുകളിൽ ഫയർ എഡിമെൻററി വിദ്യാഭ്യാസംവരെ നടത്തുണ്ടു്. ഈ സ്കൂളുകളിൽ സമുദ്രത്തിലുണ്ടാകുന്ന സാധനങ്ങളെപ്പറ്റിയും സമുദ്രത്തിൽ പെരുമാറേണ്ടരീതികളെപ്പറ്റിയും കൂടുതലായി പഠിപ്പിക്കുകയും വിദ്യാർത്ഥികൾക്കു അവരുടെ തൊഴിലിൽ വാസനയുണ്ടാക്കിത്തീർക്കുകയും ചെയ്യുന്ന ഒരു സ്കീമാണു് അവിടെ നടപ്പിൽവരുത്തിയിരിക്കുന്നതു്. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കു മുൻപു് സന്ദർഭവശാൽ ഏകദേശം നൂറു മൈൽ ദൂരം വരെയുള്ള മലബാറിലെ സമുദ്രതീരത്തിലെ ഓരോ ഗ്രാമങ്ങളും സന്ദർശിക്കാൻ എനിക്കു കഴിഞ്ഞു. ഞാൻ അവിടെ കണ്ടതു് ഇപ്പോൾ മത്സ്യവ്യവസായത്തിലേർപ്പെട്ടിരിക്കുന്ന ചെറുപ്പക്കാരിലധികവും മുൻപറഞ്ഞ വിദ്യാലയങ്ങളിൽ പഠിച്ചു മത്സ്യവ്യവസായത്തിൽക്കൂടുതൽ അറിവു സമ്പാദിച്ചിട്ടുള്ളവരായിട്ടാണു്. അവരെല്ലാം മദ്രാസിലെ സ്കൂളിൽനിന്നു

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസം പൂർത്തിയാക്കി വന്നവരുമാണ്. ഇരുന്നൂറു മൈലോളം സമുദ്രതീരവും ധാരാളം ഉൾനാട്ടു ജലാശയങ്ങളുമുള്ള ഈ രാജ്യത്തു മത്സ്യവ്യവസായത്തെപ്പറ്റി ശരിയായ ഒരു വിദ്യാഭ്യാസം നൽകുന്ന പക്ഷം ജനസംഖ്യ എത്രതന്നെ വർദ്ധിച്ചുവന്നാലും ആ ജനസംഖ്യയെ മുഴുവൻ പോറ്റത്തക്ക വിധത്തിലുള്ള ആദായം സമുദ്രത്തിൽനിന്നും സമ്പാദിക്കാൻ കഴിയുന്നതാണ്. സമുദ്രത്തെ സംബന്ധിച്ച വ്യവസായങ്ങളിൽ പ്രാഥമികവും മദ്ധ്യമവും ഉയർന്നതരവുമായ വിദ്യാഭ്യാസം ഒഴിച്ചുകൂടാൻപാടില്ലാത്തതാകുന്നു. ഈ രാജ്യത്തുള്ള മത്സ്യവ്യവസായികൾ പോർട്ടുഗീസുകാരുടെ വരവുകാലത്തു് മദ്രാസുമുതൽ കറാച്ചിവരെയുള്ള തീരപ്രദേശങ്ങളിൽ വ്യാപാരം നടത്തത്തക്കവിധത്തിലുള്ള കപ്പലോട്ടം കൂടി പരിശീലിച്ചിട്ടുള്ളവരായിരുന്നു. പരിഷ്കാരം വർദ്ധിച്ചതോടുകൂടി മറ്റു പരിതസ്ഥിതികൾക്കു് മാറ്റം വരികയും ഇവർ തൊഴിലിൽ നിന്നു പാടേ വിരമിക്കുകയും ചെയ്തു. താമസിയാതെ ഇൻഡ്യയിൽ ഫെഡറൽ ഭരണം സംസ്ഥാപിതമാകുമ്പോൾ നാവികസംബന്ധമായ ജോലികൾക്കു് ആളുകൾ ധാരാളമായി വേണ്ടിവരും. അന്നു് അതിലേക്കു് ആളുകളെ പ്രാപ്തരാക്കിത്തീർക്കത്തക്കവിധത്തിൽ തീരപ്രദേശവാസികളെ സംബന്ധിച്ചിടത്തോളമുള്ള വിദ്യാഭ്യാസസമ്പ്രദായം പരിഷ്കരിക്കേണ്ടിയിരിക്കുന്നു.

സമുദ്രസംബന്ധമായ മത്സ്യവ്യവസായം അഭിവൃദ്ധിപ്പെടണമെങ്കിൽ സമുദ്രത്തേയും നാവികസമ്പ്രദായത്തേയും സംബന്ധിച്ചുള്ള വിദ്യാഭ്യാസം നൽകേണ്ടതായിട്ടാണിരിക്കുന്നതു. നമ്മുടെ തീരപ്രദേശവാസികൾ ആവശ്യമുള്ള വിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ല എന്നുള്ളതിന് ബാംബയിലെ ഡഫറിനിൽ ഇതേവരെ ഇവിടത്തെ മത്സ്യവ്യവസായ വർഗ്ഗത്തിൽപ്പെട്ട യാതൊരാൾക്കും പ്രവേശനം കിട്ടിയിട്ടില്ലാ എന്നുള്ളതുതന്നെ ഒരു പ്രധാന ലക്ഷ്യമാണു. മദ്രാസ് യൂനിവേഴ്സിറ്റിയിൽനിന്നു മത്സ്യവ്യവസായ സമുദായത്തിൽപ്പെട്ടവക്കു പ്രാഥമ്യം നൽകി നാവിക വിദ്യാഭ്യാസത്തിനുള്ള രണ്ടു സ്കോളർഷിപ്പു അനുവദിച്ചിട്ടുപോലും ഈ രാജ്യത്തിൽനിന്നു ഇതേവരെയും ഒരാളിനെങ്കിലും ഡഫറിനിൽ ചേരാനോ അല്ലെങ്കിൽ അതിനുള്ള പ്രവേശന പരീക്ഷയിൽ ചേരാനോ ഉള്ള യോഗ്യത സമ്പാദിക്കാൻ കഴിവുണ്ടായിട്ടില്ല.

തിരുവിതാംകൂറിലെ മത്സ്യവ്യവസായികളുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ചാണു് എന്നു പറഞ്ഞുകൊണ്ടു ഫിഷറിസ്കൂൾ എന്നൊരു സമ്പ്രദായം

LIBRARY ARCHIVES Kerala Legislative Assembly

[Mr. Codivcetil C. Raman Kunju.]

ഏർപ്പെടുത്തി. ഞാൻ ഇവിടത്തെ ഫിഷറിസ്കൂൾ എല്ലാംപോയി നോക്കിയിട്ടുണ്ട്. ഇവിടത്തെ മത്സ്യവ്യവസായികൾക്ക് ക്രട്ടതൽതാല്പര്യം ജനിപ്പിക്കാൻവേണ്ടി അവിടെ പഠിപ്പിക്കുന്നതു് നെയിത്താണ്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽനിന്നും പഠിപ്പിക്കുന്നതു് കൃഷിശാസ്ത്രമാണ്. ഈ വിധം തുടർന്നുകൊണ്ടുപോയാൽ ഞങ്ങളുടെയിടയിലുള്ള ചെറുപ്പക്കാരെല്ലാം അവർക്കു പ്രയോജനമില്ലാത്ത വിദ്യാഭ്യാസത്തിൽ മേമ്പൊടി പല പരീക്ഷകളും പാസ്സായി തൊഴിലൊന്നുമില്ലാതെ രാജ്യത്തു കുഴപ്പമുണ്ടാക്കുന്ന ഒരു ക്രട്ടം ആളുകളായി തിരിയും എന്നുള്ളതിനു യാതൊരു സംശയവുമില്ല. ഞങ്ങൾ പരമ്പരയായി രാജഭക്തി അല്ലാതെ മറെറാന്നുംതന്നെ അറിഞ്ഞുകൂടാത്തവരാകുന്നു. അനാശാസ്യമായ വിദ്യാഭ്യാസം മൂലം ഞങ്ങളുടെയിടയിൽ രാജഭക്തിയില്ലാത്തവരെ ഉണ്ടാക്കാനും വർദ്ധിപ്പിക്കാനും ഇടയാക്കരുതെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. T. C. KESAVA PILLAI : സർ, ഞാൻ മി. രാമൻ കുഞ്ഞിന്റെ ഉപക്ഷേപത്തെ ഹാർദ്ദമായി പിൻതാങ്ങുന്നു. മി. രാമൻകുഞ്ഞു ഉപക്ഷേപംകൊണ്ടു് ഇവിടെ വെളിപ്പെടുത്തിയതു് സമുദ്രതീരവാസികളായ മത്സ്യവ്യവസായികളുടെ സന്താനങ്ങളെ അവരുടെ പുരോഗതിയെ ലാക്കാക്കിയുള്ള വിദ്യാഭ്യാസരീതികളും വിദ്യാഭ്യാസവിദഗ്ധന്മാർ ചെയ്തുകൊടുക്കുന്നില്ലെന്നും നേരെമറിച്ചു് അവക്കാവശ്യമില്ലാത്തതായ നെയ്ത്തുമുതലായ തൊഴിലുകളാണ് അവിടെ പഠിപ്പിക്കുന്നതെന്നുമാണ്. തിരുവിതാംകൂറിലെ ഓരോ തൊഴിലിനും അനുരൂപമായ പ്രോത്സാഹനം ഗവണ്മെൻറിൽനിന്നും ചെയ്യുവാനിരുന്നാൽ ഇന്നത്തെ രൂക്ഷതിമത്തായ വാദങ്ങൾക്കൊന്നിനുമിടവരികയില്ലായിരുന്നു. മി. കുഞ്ഞിന്റെ സമുദായത്തിൽപ്പെട്ടവക്കു് ഉന്നതവിദ്യാഭ്യാസം ലഭിക്കുന്നപക്ഷം തീർച്ചയായും വർഗീയപ്രാതിനിധ്യവാദം ഇവിടെ നടപ്പിലിരിക്കുന്നിടത്തോളം കാലം സർക്കാരുദ്യോഗത്തിൽ നല്ല സ്ഥാനം കിട്ടുമെന്നുള്ളതിനു സംശയമില്ല. ഗവൺമെൻറു സമുദായങ്ങളുടെ മനോഭാവത്തിനനുരൂപമായി ചെയ്യുന്നതല്ലാതെ അതാതു സമുദായത്തിന്റെ തൊഴിലഭിവൃദ്ധിക്കുവേണ്ടിയുള്ള ഏർപ്പാടുകളൊന്നും ചെയ്യുന്നില്ല മി. രാമൻകുഞ്ഞിന്റെ വാദമുഖങ്ങളെ ഞാൻ അനുകൂലിക്കുന്നതിനുള്ള കാരണം ഇതാണു. നായന്മാർക്കും മറെറ ചില സമുദായക്കാർക്കും കൃഷി, സർക്കാരുദ്യോഗം ഇങ്ങനെയുള്ള തൊഴിലുകളാണുണ്ടായിരുന്നതു. പുരാതനകാലം മുതൽക്കുതന്നെ നായന്മാർ പ

LIBRARY ARCHIVES Kerala Legislative Assembly

ട്ടാളക്കാരായും പ്രവത്തിക്കാരായും ജിവിതം കഴിച്ചുവന്നിരുന്നു. ആ സ്ഥാനത്തുനിന്നും ഇന്നു അവരെ ബഹിഷ്കരിക്കുകയാണു്, തൻനിമിത്തം അവരുടെയിടയിലും തൊഴിലില്ലാതെയായി. ക്ഷേത്രപ്രവേശനവിളംബരത്തിനു ശേഷം ഇപ്പോൾ തൊഴിലിനു നികൃഷ്ടതയില്ല. എങ്കിലും നായന്മാരെയും ബ്രാഹ്മണരെയും ഉദ്യോഗകുത്തകസമുദായമെന്നു വിളിച്ചുവരുന്ന മറുചില സമുദായക്കാരെയും പൊട്ടന്നനവെ പിരിച്ചുവിട്ടാൽ അവർ തൊഴിലില്ലാതെ കഷ്ടപ്പെട്ടുപോകും. വലിയ ഗൃഹസ്ഥൻ പെട്ടന്നു പാപ്പരായിപ്പോയാൽ വളരെ വ്യസനിക്കേണ്ടിവരും! അവരുടെ അഭിമാനംകൊണ്ടു് അധഃപ്പതനത്തെ ഗവണ്മെൻറിനെ അറിയിക്കയില്ല. അതുകൊണ്ടു് അതിലേക്കിടവരുത്തരുതു്.

മത്സ്യവ്യവസായത്തിൽ അഭിരുചിയുണ്ടാകത്തക്കവണ്ണമുള്ള ചില സൌകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നാണു് മി. രാമൻകുഞ്ഞു് ഇവിടെ പറഞ്ഞതു്. ജാതി മാറിയാലും മി: രാമൻകുഞ്ഞിൻെറ മറു ചില സഹോദരങ്ങൾ ഉള്ളവക്കുടി വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നുകുടി ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

**MR. A. GOPALA MENON :** Sir, the Honourable Member, Mr. Raman Kunju has raised a large issue. His proposal relates to the question of vocational education on the one hand and the solution of the problem of unemployment and the expansion of general education on the other. I find that Mr. Raman Kunju is not satisfied with the existing Fishery Schools which are under the control and management of the Department of Agriculture and Fisheries. He is not satisfied with them because they are teaching weaving also along with other subjects. My own impression, Sir, is that weaving is necessary for the fisher folk to make fishing nets. There is some justification in teaching weaving in such schools.

**MR. CODIVEETIL C. RAMAN KUNJU :** വലയുണ്ടാക്കുന്നതും നെയ്ത്തും ഒരുപോലെയാണോ?

**MR. A. GOPALA MENON :** I think, Sir, there is necessarily a relation between the two, although the one is not the other absolutely. What I was saying is that there is some relation with the occupation of these people and the subjects they are taught. Mr. Raman Kunju's idea is that we should aim higher, that we should draw up a scheme of education for fisher-boys to enable them to take fishery science in the University. In that aspect the question is probably much higher than has been envisaged in the Fishery Schools under the Department of Agriculture and Fisheries. I am in full sympathy, Sir, with the need for correlation between the occupation of the pupils and the education imparted to them. Difference of opinion, however, is bound to arise

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Gopala Menon.]

when we take into consideration the stage at which this correlation should be aimed at. The point I want to emphasise is that a certain amount of general education is indispensable before we aim at giving specialised education. So far as the Department is concerned, the Fishery Schools, I am told, are recognised for purposes of the Vernacular School Leaving Examination. At that stage, Sir, it is not possible to give them sufficient taste for scientific study of fishing and matters connected with fisheries, nor is it possible to lay the foundations of the desire for higher nautical experience, What we can aim at therefore is to give proper scope for technical training in fisheries to people who belong to that occupation by training or by birth. It is in this view, Sir, that the University has now started the Department of Marine Biology and with the assistance of an expert in Marine Biology it would be possible for the educational system to be revised to a certain extent, so that students of the higher standards in our schools can be given some training, if they desire it, in fishing and subjects connected with fisheries.

**MR. K. NARAYANAPERUMAL NADAR:** May I know from the member whether there was any recommendation from the Agricultural Board that a Fishery College should be established as early as possible?

**MR. A. GOPALA MENON:** I am afraid, Sir, I am not aware of any such resolution passed by the Agricultural Board. It is desirable that higher education in the science of fisheries, of biology, should be given and the University will be entrusted with the work of giving assistance or advice in the matter.

**MR. K. NARAYANAPERUMAL NADAR:** May I know whether the member is aware that fishery education in Japan is greatly responsible for the exploiters of the deep sea?

**MR. A. GOPALA MENON:** Sir, I am aware of that and many other things connected with fisheries and deep sea fishing, but it is irrelevant My point here is that the education of the fisher-folk can be undertaken independently on the lines indicated by Mr. Raman Kunju and that can be investigated, apart from the great benefits which accrue from the Department of Fisheries to the Travancoreans, which as a Travancorean I look forward to with great pride. What I mean is that something is being done to achieve the very purpose for which Mr. Raman Kunju and Mr. Narayanaperumal Nadar have been at pains. This is forestalled to some extent by experimental measures which the Government have undertaken for popularising the consumption of the fish. Some members who had the good fortune of not being observers of the Ekadasi day might have participated in the results of the installation of the Cold Storage Plant and they can testify to the advantage of the cold storage.

**MR. A. THANU PILLAI:** Sir, is that relevant?

**MR. A. GOPALA MENON:** It is relevant in so far as we are talking about the encouragement given to fishery and the consumption of fish which is economically associated with such encouragement. The idea

LIBRARY ARCHIVES Kerala Legislative Assembly

is that the fishing industry is being given an impetus through such cold storage and transport facilities which also the Professor of Marine Biology has taken in hand, and if these works go on, as we anticipate they will, there will be much greater scope for going in for all these reforms which Mr. Raman Kunju has indicated. Government have already started work on these lines and the idea of imparting a turn to general education with a vocational bias has already been accepted by Government. We are looking to the University to give us help and guidance in the matter of vocational training. The appointment of the Professor of Marine Biology is one immediatoly in point with reference to Mr. Raman Kunju's proposal. I have no doubt, Sir, that the schemes which the University and the Education Department can adumberate in the near future in regard to the improvement of general and technical education in the State will envisage these reforms which Mr. Raman Kunju has proposed and some definite steps will be taken for the purpose of giving the fisher-folk and other occupational people in the country a definite vocational training in the schools of the State.

MR. CODIVEETIL C. RAMAN KUNJU: എഡ്യൂക്കേഷൻ ഡയറക്ടരുടെ സമാധാനം തൃപ്തികരമായിരിക്കുന്നതിനാൽ ഈ മോഷൻ പിൻവലിക്കുന്നതിനു ഞാൻ സഭയുടെ അനുവാദം അഭ്യർത്ഥിച്ചുകൊള്ളുന്നു.

The motion was, by leave of the House, withdrawn.

**Motion No. 300.**

MR. CODIVEETIL C. RAMAN KUNJU: സർ, വിദ്യാഭ്യാസഡയറക്ടർ അവർകളുടെ ട്രാവലിംഗ് അലവൻസിനുള്ള ൨൫൦൦ രൂപായിൽ നിന്നും ൧൫ രൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം ഈ രാജ്യത്തു അരയന്മാർ, വാലന്മാർ എന്നീ സമുദായങ്ങളുടെ പ്രധാന കേന്ദ്രങ്ങളായ പെരുമ്പളം, പാണാവള്ളി, വൈക്കം, മാരാരിക്കുളം, പേർത്തല, തിരുവാമ്പാടി, ആറാട്ടുപുഴ, അമ്പലപ്പുഴ അലപ്പുഴ എന്നീ ഭാഗങ്ങളിൽ ഉള്ള സ്കൂളുകളിൽ വിശേഷിച്ചു മിഡിൽസെക്ഷനുകളിൽ ഈ സമുദായങ്ങളിൽപെട്ട അദ്ധ്യാപകന്മാരെത്തന്നെ നിയമിക്കണമെന്നു നിർദ്ദേശിക്കുവാനാണ്. ഇപ്പോൾ ഈസമുദായങ്ങളിൽപെട്ട നാലാം ക്ലാസുവരെ പഠിച്ചു കുട്ടികൾ വിദ്യാഭ്യാസത്തിൽ പ്രായേണ വിമുഖരായിരിക്കുകയാണു. അതിനാൽ അങ്ങിനെയുള്ള കുട്ടികളെ ആകർഷിക്കാൻ വേണ്ടി ഈ സമുദായങ്ങളിൽ നിന്നും ഓരോ അദ്ധ്യാപകന്മാരെയെങ്കിലും അതാതു സ്കൂളുകളിൽ നിയമിക്കണമെന്നു ഞാൻ ഗവണ്മെന്റിനോടു അപേക്ഷിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. A. GOPALA MENON: Sir, there are many ways of encouraging one's community and getting communal representation, and, from the standpoint of Government, many ways of encouraging backward communities in point of education. I am glad Mr. Raman Kunju has pointed out one of these methods which may be tried if possible to some extent. I find that the proposal is to appoint and train for some years one teacher at least of the Arayar or Vala community... ... ...

MR. CODIVEETIL C. RAMAN KUNJU: Appoint and retain for some time.

MR. A. GOPALA MENON: I am sorry, Sir, that the words in the printed paper are "appointing and training." Anyhow, I am corrected by the member. My difficulty there is first of all to find out whether there are qualified persons belonging to either the Arayar or Vala community available in the department for appointment in these Vernacular and English Middle Schools. If there are such persons available in the Department, I am certain I can appoint them to one or other or all these schools. For fresh appointments, I am dependant on the Public Service Commissioner and therefore I cannot make any promise in regard to fresh appointments.

MR. CODIVEETIL C. RAMAN KUNJU: ഡിപ്പാർട്ടുമെൻറിൽത്തന്നെയു ണ്ടെങ്കിൽ അവരെ മാറ്റി നിയമിച്ചാൽ മതിയാകും.

MR. A. GOPALA MENON: If there are persons already employed in the Department, I can undertake to appoint them and retain them for some years as an experimental measure in the schools which Mr. Raman Kunju has pointed out. I think, Sir, that will meet the needs of the situation.

MR. CODIVEETIL C. RAMAN KUNJU: വിദ്യാഭ്യാസഡയറക്ടരുടെ സമാധാനം ആശാജനകമായിരിക്കുന്നതിനാൽ ഈ പ്രമേയം പിൻവലിക്കുന്നതിനു ഞാൻ സഭയുടെ അനുവാദം അപേക്ഷിച്ചുകൊള്ളുന്നു.

The motion was, by leave of the House, withdrawn.

The following motion was not moved.

MR. KANNARA GOPALA PANICKAR:

301. To reduce the allotment of Rs 2,500 for travelling allowances by Rs. 1.

**Motion No. 302.**

MR. P. V. MATHAI CHEMPARATHY: Sir, I beg to move to reduce the allotment of Rs. 2,500 for travelling allowances by Re. 1.

The object of my motion is to discuss the necessity for establishing more schools in the rural parts. Government should afford more facilities in the matter of education to the rural parts. They should also pursue a policy of encouraging and aiding private schools in these rural parts. In this connection I would draw the attention of the Department of Education particularly to my constituency which deserves particular attention owing to the peculiar condition of the locality. It is a hilly place and the people are not living in a compact area but are scattered in distant places and hence have now got no educational facilities.

LIBRARY ARCHIVES Kerala Legislative Assembly

In this connection I am sure that the Chief Engineer will have to co-operate with the Director of Education, because the Director of Education will find it very difficult to reach those places in his car if he wants to find out for himself the needs of the people and the conditions in which they live. There are no roads there now.

Sir, the Director will have to undergo very many difficulties before he reaches the site of the school. It is in such situation, many of the primary schools are located. If the Director had gone on inspection, he would have noted such difficulty.

In regard to the management of schools by private persons, I have a word to say. There are very many schools conducted by them. The teachers are paid only nominal sums as their pay. There are certain managements which receive Rs. 3 and Rs. 4 occasionally from the teachers with the request that it will be returned by them on receipt of grants from the department. Such is the sort of help rendered to the management by the teachers appointed by them. In some cases, the managements are 20 and 25 years old. Even in their institutions, the condition of the teachers are hard. It is true that the managements will get the co-operation and support by way of contributions from the general public. I ask the question, how many years are the management expected to carry on their function in this manner? They are not like the people of the town who can get enough contributions. The villages are peopled by the agriculturists and monetary help cannot be expected from them towards the managements. I am not exaggerating, but I am stating hard facts for the information of the Director of Public Instruction. In certain private institutions, teachers are paid only after the receipt of departmental grants by them and in those cases, the teachers are only partly paid.

I will be failing in my duty if I do not impress on the attention of the Director about the one departmental high school conducted in my costituency. During rains, the classes will have to be conducted and even during day time when the sun is hot certain classes take place. The classes are held in sheds. Much difficulty is caused to the students on that score. During times when there is rain and sun, everybody could realise that classes cannot be conducted. The Geography of the school is very interesting. One day I paid a visit to the school. I saw only a few almirahs at one end of the class room. I asked the chemistry teacher present there to open the almirahs. I found in them only a few bottles which contained chemicals. But the articles were arrang ed properly and neatly and I am sure that when some chemicals are taken out of them, the whole arrangement will be disturbed. The bottles should be removed very carefully lest the contents get wasted. If any of the chemicals are wasted, fire may happen and we can imagine the extent of loss to the school on account of it. I request the Director of Public Instruction, to go into the rural parts of the State and see how far improvements could be effected in the location of the schools, and how satisfactorily the payments to teachers could be effected. It has also to be borne in mind that the managements should be given



LIBRARY ARCHIVES Kerala Legislative Assembly

[Mr. P. V. Mathai Chemparathy.]

more grants in view of the very satisfactory way in which they are conducted and in view of the best results produced from such institutions. Some sort of special preference ought to be shown by way of grants to some private owned institutions. The rules relating to grants may be gone through and see whether amendments could be effected wherever needed so that certain schools may get special grants. In this connection I make a special plea to the Director to travel in all parts of the State and see how far school buildings are kept in proper condition.

MR. K. P. KOCHUKORATHARAKAN : രാജ്യത്തിന്റെ നാനാഭാഗത്തും സ്കൂളുകൾ ഉണ്ടാക്കണമെന്നുള്ള ഈ ഉപക്ഷേപത്തെ ഞാൻ താഴ്പ്പെടുന്ന കാരണങ്ങളാൽ അനുകൂലിക്കുന്നു:

തിരുവിതാംകൂറിൽ വിദ്യാഭ്യാസസൌകര്യത്തിനു ആവശ്യമുള്ള സ്കൂളുകൾ എല്ലാ ഭാഗങ്ങളിലും ഇല്ല. ചില സ്ഥലത്തു ആവശ്യത്തിൽ കൂടുതൽ സ്കൂളുകൾ ഉണ്ടെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ അങ്ങിനെ കൂടുതൽ ഉള്ള സ്ഥലത്തുനിന്നും കുറവുള്ളസ്ഥലത്തുകൊണ്ടുവന്നു സ്ഥാപിക്കുവാൻ നിവൃത്തിയില്ലാതിരിക്കുന്നതുകൊണ്ടു കുറവുള്ള സ്ഥലത്തു കൂടുതൽ സ്കൂളുകൾ അനുവദിച്ചുകൊടുക്കുകയാണ് വേണ്ടതു. വടക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം സ്കൂളുകൾ വളരെ കുറവാണു്. ഇംഗ്ലീഷ്ഹൈസ്കൂളുകൾ സ്ഥാപിക്കുന്നതിനുവേണ്ടി അപേക്ഷിച്ചാലും അനുവദിച്ചുകിട്ടുന്ന കാര്യം ഇപ്പോൾ വളരെ വിഷമമായിട്ടാണിരിക്കുന്നതു്. കഴിഞ്ഞകൊല്ലം ഏതാനും ഹൈസ്കൂളുകളും ഫ ൦ മിഡിൽസ്കൂളുകളും അനുവദിച്ചുതരുവാൻ ആവശ്യപ്പെട്ടിരുന്നു. മിഡിൽസ്കൂൾഒന്നും അനുവദിച്ചില്ല. ഒരു ഹൈസ്കൂൾമാത്രം അനുവദിച്ചു. ദിവാൻജിയുടെ അടുക്കൽ അപ്പീൽ കൊടുത്തതിന്റെ ഫലമായി മറെറാരു സ്കൂൾ അനുവദിച്ചു. ഡയറക്ടരുടെ സ്വദേശമായ പറവൂരിൽപോലും ഒരു സ്കൂൾ അനുവദിച്ചുകൊടുത്തില്ല. പിന്നെ കുന്നത്തുനാടുതാലൂക്കിന്റെ കാര്യം പറയേണ്ടതില്ലല്ലോ അവിടെ സഞ്ചാരസൌകര്യംപോലുമില്ല അതുകൊണ്ടു ഉദ്യോഗസ്ഥന്മാർ അവിടെയെല്ലാം സർക്കൂട്ടുചെയ്യുന്ന കാര്യം തന്നെ വളരെ പ്രയാസത്തിലാണ്. ഇപ്പോഴത്തെ ഡയറക്ടരെപ്പററി ഒന്നുംപറയാറായിട്ടില്ല. അദ്ദേഹം ഡയറക്ടരായി ചാർജ്ജെടുത്തിട്ട് അധികം നാളം കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ സർക്കീട്ട എങ്ങിനെയിരിക്കുന്നു എന്ന് കണ്ടറിയേണ്ടതായിട്ടാണിരിക്കുന്നതു്. അദ്ദേഹം അവിടെവരെ ഒന്നുവന്നാൽ സ്കൂളുകളുടെ ദാരിദ്ര്യം അവിടെ എത്രമാത്രം ഉണ്ടെന്നു് അനുഭവബോധ്യമാകുന്നതാണ്. ഫ൨൦-൦൨൦-൦

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികൾക്ക മാത്രം പഠിക്കാവുന്ന ഒരു പള്ളിക്കൂടത്തിൽ ൫൦൦-൦ ൬൦൦-൦ കുട്ടികളെവച്ചു പഠിപ്പിക്കുന്നതു സർവ്വസാധാരണമാണ്. അവക്കു സൌകര്യമായി ഇരിക്കാനുള്ള ബഞ്ചുകളിടുന്നതിനു വേണ്ട സ്ഥലം പോലുമില്ല. മാങ്ങാ ഉപ്പിലിട്ടിരിക്കുന്നതുപോലെ കുട്ടികളെ അടിച്ചിരുത്തി പഠിപ്പിക്കുകയാണു് ചെയ്യുന്നതു്. അങ്ങിനെയുള്ള സ്കൂളുകളിൽ കൂടുതൽ ഷെഡുകൾ കെട്ടി സൌകര്യപ്പെടുത്തേണ്ടതാണു്. ഇതിനു സാധാരണയായി ഡിപ്പാർട്ടുമെൻറു ചെയ്യുന്നതു എല്ലാസ്കൂളുകളിലേക്കും കൂടുതൽ ഷെഡുകൾജനങ്ങളേക്കൊണ്ടു് കെട്ടിക്കൊള്ളണം; അല്ലാത്തപക്ഷം കൂടുതൽ കുട്ടികളെ പുതുതായി ചേർക്കരുതെന്നാണു്. അതു ശരിയല്ല. ഗവണ്മെൻറു തന്നെ വേണ്ട കെട്ടിടങ്ങൾ ഉണ്ടാക്കിക്കൊടുത്തു കൂടുതലായി വരുന്ന കുട്ടികളെ പ്രവേശിപ്പിക്കണം. ൟ-ാംക്ലാസുവരെ അനുവദിച്ചിട്ടുള്ള സ്കൂളുകളിൽ സാധാരണയായി കുട്ടികൾ എത്രയുണ്ടായിരുന്നാലും ൬-ാംക്ലാസു അനുവദിച്ചുകൊടുക്കാറില്ല. അതിനു്, മൂന്നോ നാലോ മൈൽ അകലെ ൬-ാം ക്ലാസുള്ള ഒരു സ്കൂൾ ഉണ്ടെന്നാണു് കാരണംപറയുന്നതു. അതുകൊണ്ടു് അനവധി കുട്ടികൾ ൟ-ാംക്ലാസുവരെ പഠിച്ചിട്ടു് പഠിത്തം തുടർന്നുകൊണ്ടുപോകുവാൻ നിവൃത്തിയില്ലാതെ സ്കൂളിൽ നിന്നും വിരമിക്കുന്നു.

ഗ്രാൻറു സ്കൂളുകളെ സംബന്ധിച്ചാണെങ്കിൽ അപേക്ഷിക്കുന്ന എല്ലാ സ്കൂളുകൾക്കും അനുവാദം കൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്. അനുവാദംകൊടുക്കുന്ന സ്കൂളുകൾക്കെല്ലാം ഗ്രാൻറു കൊടുക്കണം എന്നു ഞാൻ പറയുന്നില്ല. അതു ഗവണ്മെൻറിൻെറ ധനസ്ഥിതിയെ ആശ്രയിച്ചിരിക്കുന്ന ഒരു കാര്യമാണു്. ഗ്രാൻറു തരുന്നതിനു നിവൃത്തിയില്ല, അതുകൊണ്ടു ഗ്രാൻറിനായി ആവശ്യപ്പെടുകയില്ല എന്ന വ്യവസ്ഥ സമ്മതിക്കുന്നവർക്കു് അനുവാദം കൊടുക്കണം. അനുവാദം കൊടുക്കുന്ന സ്കൂളുകൾക്കെല്ലാം ഗ്രാൻറു കൊടുക്കേണ്ടിവരുമെന്നുള്ള വിചാരത്താൽ വിദ്യാഭ്യാസത്തിനുള്ള സൌകര്യത്തെ തടയുക എന്നുവരുന്നതു് ഒരിക്കലും അഭിലഷണീയമായിട്ടുള്ളതല്ല. ഗ്രാൻറുകൊടുക്കുന്ന സ്കൂൾകൾ മാത്രമെ നടത്താവു എന്നു ഗവണ്മെൻറു ശഠിച്ചുകൂടാ. ഇപ്പോൾ അതെങ്കിലും സ്കൂളിനു അപേക്ഷിച്ചാൽ അനുവാദം നിഷേധിക്കുന്നതായിട്ടാണു സാധാരണ കണ്ടുവരുന്നതു്. എത്ര അപേക്ഷിച്ചാലും അനുവദിക്കുന്നില്ല എന്നു പറഞ്ഞുഒഴിയാൻ ഗവണ്മെൻറു ഒരു നല്ല സൂത്രം കണ്ടുപിടിച്ചിരിക്കുകയാണെന്നു തോന്നുന്നു. എത്രപേക്ഷിച്ചാലും അനുവദിക്കുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukoratharakan.]

കൊടുക്കണം. ഗ്രാൻറു അനുവദിക്കുന്നതു സൌകര്യംപോലെ മതി. സ്കൂൾനടത്തിപ്പു മോശമാണെന്നുകണ്ടാൽ അതിന്റെ അംഗീകാരം പിൻവലിച്ചേക്കണം. സ്കൂൾ ഒന്നു നടത്തിക്കണ്ടല്ലാതെ ഇതിനെപ്പറ്റി എങ്ങിനെ നിശ്ചയിക്കാം. പള്ളിക്കൂടം, കരയോഗങ്ങൾ മുതലായ സ്ഥാപനങ്ങൾ അവരുടെ സ്വന്ത ഇടവകയിലുള്ളവർക്കും സ്ഥലത്തുള്ളവക്കും വിദ്യാഭ്യാസം നൽകുന്നതിന് വേണ്ടി സ്വന്തചെലവിൽ സ്കൂളുകൾ നടത്തുവാൻ തയാറുള്ളവരാണ്. അങ്ങനെയുള്ള സ്ഥാപനങ്ങൾക്കുപോലും അനുവാദം കൊടുക്കുകയില്ല എന്നുള്ള ഗവണ്മെൻറിന്റെ നയം ആക്ഷേപാർഹമാണെന്നു പറയാതെ തരമില്ല. 8-ാം ക്ലാസ് വരെയുള്ള അനവധിസ്കൂളുകൾ ഗവണ്മെൻറു ഏറെറടുത്തു നടത്തുന്നുണ്ട്. പിന്നീട് അനവധി കെട്ടിടങ്ങളും അതോടുചേർത്തു പണിയിച്ചിട്ടുണ്ട്. എന്നാൽ അവയിൽ മിക്കവാറും കെട്ടിടങ്ങൾ ഇടിഞ്ഞുപോകുന്നതായി കാണുന്നു. ഉദാഹരണത്തിനായി തുക്കാക്കര, തുരുത്തുശേരി എന്നീ സ്കൂൾ കെട്ടിടങ്ങൾ നോക്കിയാൽമാത്രം മതിയാകും. ഇതു ഗവണ്മെൻറു മെയിൻറനൻസിൽ വേണ്ടപോലെ ശ്രദ്ധിക്കാത്തതുകൊണ്ടു വന്നിട്ടുള്ള ദോഷമാണ്. നാട്ടുകാരുടെ പക്കൽനിന്നും കെട്ടിടങ്ങളും സ്ഥലങ്ങളും ഗവണ്മെൻറു ഏറെറടുത്തു കഴിഞ്ഞാൽപിന്നെ അതു സംരക്ഷിക്കേണ്ട ചുമതല ഗവണ്മെൻറിനുതന്നെയാണുള്ളതു്. എന്റെ സ്നേഹിതൻ മി: മത്തായിചെമ്പരുത്തി പറഞ്ഞതുപോലെ നല്ല മഴപെയ്യുന്നു എന്നുകണ്ടാൽ ഉടനെ അങ്ങിനെയുള്ള സ്കൂളുകളിൽ കുട്ടികളെ വിടുകയാണു് ഇപ്പോഴത്തെ പതിവു്. ഇങ്ങനെയുള്ള കെട്ടിടങ്ങളുടെ കേടുപാടു തീർക്കുവാനുള്ള ചുമതല ഗവണ്മെൻറിനുണ്ടു്. അല്ലെങ്കിൽ ഗവണ്മെൻറു ഏറെറടുക്കുന്ന കെട്ടിടങ്ങൾ നല്ലനിലയിൽ ഇരിക്കുന്നുണ്ടോ എന്നു നോക്കി എടുക്കേണ്ടിയിരുന്നു. അതിനാൽ നാശമോശംവന്ന കെട്ടിടങ്ങൾ കഴിയുന്നതുംവേഗത്തിൽ നന്നാക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ഇനി ഇൻസ്പെക്ഷൻ ആഫീസറന്മാരെപ്പറ്റി രണ്ടുവാക്കു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ഇപ്പോൾ പ്രൈമറി സ്കൂൾ പരിശോധിക്കാൻ അസിസ്റ്റൻറു ഇൻസ്പെക്ടറന്മാരും മിഡിൽ സ്കൂളും ഹൈസ്കൂളും പരിശോധിക്കാൻ ഡിവിഷൻ ഇൻസ്പെക്ടറന്മാരും ആണു് നിയോഗിക്കപ്പെട്ടിട്ടുള്ളതു്. ഇവർക്കു് രണ്ടുകൂട്ടർക്കും കാർ അലവൻസു കൊടുക്കുന്നില്ല. ഒരു സ്കൂൾ ആണ്ടിൽ ഇത്രതവണയെങ്കിലും പരിശോധിക്കണമെന്നുള്ള കർശനമായ നിർദ്ദേശം കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതിനു നല്ല തറേറടവും തഴക്കവും പഴക്കവും കഴിവും ഉള്ള ആളുകളെ നോക്കി മാത്രമെ നിയമിക്കാവു. അല്ലാതെ ബി. ഏ., എൽ. ടി. പാസായിട്ടുണ്ടെന്നുവച്ചു ചെറുപ്പക്കാരായ സ്ത്രീപുരുഷന്മാരെ ഇൻസ്പെക്ഷൻ ആഫീസറായി നിയമിക്കാൻ ഗവണ്മെൻറു തയാറാകരുതു്.

MR. KOTTALIL P. ABRAHAM : റോഡില്ലാത്ത സ്ഥലത്തു യാത്രചെയ്യുന്ന അവസരത്തിൽ ഇവർക്കു് കാർ അലവൻസു കൊടുക്കണമൊ?

MR. K. P. KOCHUKORA THARAKAN : കാർ അലവൻസു കൊടുത്താൽ അവർ എങ്ങിനെ എങ്കിലും അവിടെ എത്തിക്കൊള്ളും.

ഇപ്പോൾ എല്ലാ സ്ഥലത്തും കാറിൽ പോകാവുന്നതാണു്. അതുകൊണ്ടു സ്ക്കൂളുകളുടെ ഇൻസ്പെക്ഷൻ വളരെ ഭംഗിയായി നടത്തുന്നതിനു് വേണ്ട വ്യവസ്ഥകൾ ചെയ്യേണ്ടതു് അത്യാവശ്യമാണു്. പത്തുമണിക്കുതന്നെ എല്ലാവരും സ്ക്കൂളിൽ വരണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പതിനൊന്നുമണിക്കാണു് സാധാരണയായി അവർ വരാറുള്ളതു്. അവക്കു് ടൈംപീസ് കൊടുത്തിട്ടുണ്ടു്. അതനുസരിച്ചു ഠ 10 മണിക്കു് സ്ക്കൂളിൽ പഠിത്തംതുടങ്ങണം. ലേറ്റായിട്ടു് സ്ക്കൂളിൽ വന്നാൽ ലേറ്റായിട്ടേ പഠിത്തവും തുടങ്ങുകയുള്ളു. അതിനു ഇപ്പോൾ യാതൊരു നിയന്ത്രണവുമില്ലാതെയാണിരിക്കുന്നതു്. ഒരാൾ ബസ്സിൽകയറി അല്പവാവരെ പോകുന്നതായാൽ കോട്ടയത്തുനിന്നും മൂവാറ്റുപുഴവരെയുള്ള സ്ക്കൂളുകളിലേക്കു അധ്യാപകന്മാർ ബസ്സുകളിൽ കയറിപോകുന്നതു് കാണാൻ സാധിക്കുന്നതാണു്. ഈ രീതിയെ വേണ്ടതരത്തിൽ രൂപാന്തരപ്പെടുത്തി കൂടുതൽ ഇൻസ്പെക്ഷൻ നടത്തുന്നതിനു് ആവശ്യമുള്ള പണം അനുവദിച്ചു കൊടുത്തു ഡിപ്പാർട്ടുമെൻറിൻെറ എഫിഷ്യൻസിയെ നന്നാക്കേണ്ടതു് അത്യാവശ്യമാണു്. സമുദായപ്രാതിനിധ്യവിഷയത്തിൽ മാത്രം കായ്ക്ഷമതയെപ്പറ്റി പറഞ്ഞാൽപോരാ. എന്നാൽ ഈ ഡിപ്പാർട്ടുമെൻറിൻെറ കായ്ക്ഷമതയെപ്പറ്റിയല്ല ഞാൻ പറയുന്നതു്. നിർബന്ധിതവിദ്യാഭ്യാസം ഏർപ്പെടുത്തിയാൽ എങ്ങിനെയൊ അതുപോലെ ഈ രാജ്യത്തുള്ള സർവപ്രജകൾക്കും വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സൌകര്യം ഉണ്ടാക്കിക്കൊടുക്കുന്ന വിഷയത്തിൽ ഡയറക്ടർ വേണ്ട വ്യവസ്ഥകൾ ചെയ്യണമെന്നുപേക്ഷിക്കുന്നു

MR. KOTTALIL P. ABRAHAM : I hasten to support the motion moved by the Honourable Member Mr. Mathai Chemparathy. My constitutency is said to be more rural than that represented by the Honourable mover, it extending further north than that represented

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kottalil P. Abraham.]

by the Honourable Member. These are days when all civilized countries think that primary education should be imparted to all the people and that it should be made compulsory. But in the case of these rural areas it so happens that the people are some how alive to the need for being educated. With that desire, when they move for getting some schools in their locality, generally it is opposed either by some of the neighbouring schools or by the department itself. The neighbouring schools would raise the objection that their income by way of fees from the pupils and grants from the Government will become less. The objection raised by the department on the other hand generally is that they (the new schools) would offend some technical rule ; or another, for example, its being in the vicinity of some other existing schools. So, either on the pecuniary objection by some interested existing schools or on the ground of mere technicalities without any substance by the departmental authorities, the rural population who are in need of schools are denied the benefit of the same. In such circumstances, my suggestion is that Government should not insist too much on the technicalities because they must see that the people are awakened to the need of education and they take the initiative more freely. In such circumstances even at the sacrifice of such technicalities, the people who are moved with that desire to be educated should be encouraged. Governmental authorities fear that if they allow some schools to be started necessarily requisitions for grants will come upon them and they will be put to further troubles. As for that matter, it is no exaggeration to say that it is known to all members of this House that in practice, for the last three years, many of the recognised schools do go without grants even allowed to them.

**DEPUTY PRESIDENT :** We are at the question of establishing more schools.

**MR. KOTTALIL P. ABRAHAM :** I was saying that the nature of the objections generally raised by the departmental authorities are not tenable.

